പരിശോധിക്കുന്നുണ്ട്. സ്വകാര്യ മണൽ ഖനനം കർശനമായി നിയന്ത്രിക്കുന്നുണ്ട്. സംശയാസ്പദമായ സ്ഥലങ്ങളിൽ റവന്യൂ സ്റ്റാഫിന്റെ നേതൃത്വത്തിൽ ചെക്കു പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കടവുകളുടെ ചുറ്റുമുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് മണൽ ശേഖരിച്ചു വയ്ക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും മണലിന് പകരം ഉപയോഗിക്കേണ്ട വസ്തുക്കളെക്കുറിച്ചും ജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നുണ്ട്.

റിവർ മാനേജുമെന്റ് ഫണ്ട്

186. [955] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് റിവർ മാനേജുമെന്റ് ഫണ്ടടയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ റിവർ മാനേജുമെന്റ് ഫണ്ടിൽ ഉള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ കസ്റ്റോഡിയൻ ആരാണ് : ഈ ഫണ്ടിന്റെ ഉദ്ദേശ്യം വ്യക്തമാക്കാമോ ;

(സി) 2003-04, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ പഞ്ചായത്തും മേൽ ഇനത്തിൽ അടച്ച തുക എത്ര വീതമെന്ന് പഞ്ചായത്തുകളുടെ പേരുസഹിതം വ്യക്തമാക്കാമോ ;

(ഡി) 2003-04, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് റിവർ മാനേജുമെന്റ് ഫണ്ടിൽ നിന്നും വിവിധ പദ്ധതികൾക്കായി പണമനുവദിച്ചതെന്ന് പഞ്ചായത്തുകളുടെ പേരും അനുവദിച്ച തുകയും പ്രോജക്ടുകളുടെ പേരും സഹിതം വർഷം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന ഗ്രാമ പഞ്ചായത്തുകളിലേയും, പത്തനംതിട്ട മുനിസിപ്പാലിറ്റിയിലേയും കടവ് കമ്മറ്റികളാണ് ഫണ്ട് അടയ്ക്കുന്നത്.

1. വടശ്ശേരിക്കര
2. റാന്നി
3. റാന്നി-അങ്ങാടി
4. വെച്ചൂച്ചിറ
5. അയിരൂർ
6. റാന്നി-പെരുനാട്
7. നാറാണംമൂഴി
8. മല്ലപ്പുഴശ്ശേരി
9. ആറന്മുള
10. തോട്ടപ്പുഴശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

11. കോയിപ്രം
12. കോഴഞ്ചേരി
13. റാന്നി-പഴവങ്ങാടി
14. കുളനട
15. അരുവാപ്പുളം
16. കോന്നി
17. പന്തളം
18. ഓമല്ലൂർ
19. ചെന്നീർക്കര
20. വള്ളിക്കോട്
21. മലയാലപ്പുഴ
22. പ്രമാടം
23. തുമ്പമൺ
24. സീതത്തോട്
25. ചിറ്റാർ
26. ചെറുകോൽ
27. പുറമറ്റം
28. കല്ലൂപ്പാറ
29. മല്ലപ്പള്ളി
30. കവിയൂർ
31. കടപ്ര
32. നെടുംപ്രം
33. ആനിക്കാട്
34. കുറ്റൂർ
35. കോട്ടാങ്ങൽ
36. ഇരവിപേരൂർ
37. ഏഴംകുളം
38. കടംപനാട്
39. പത്തനംതിട്ട മുനിസിപ്പാലിറ്റി

(ബി) 31-5-2005 വരെ റിവർ മാനേജ്മെന്റ് ഫണ്ടിൽ പത്തനംതിട്ട ജില്ലയിൽ 4,26,26,906 രൂപ ലഭ്യമായിട്ടുണ്ട്. ജില്ലാകളക്ടർ ആണ് ഈ ഫണ്ടിന്റെ കസ്റ്റോഡിയൻ.

മണൽവാരൽ റെഗുലേറ്റ് ചെയ്യുന്നതിനും അനധികൃത മണൽവാരൽ തടയുന്നതിനും കടവോ, നദീതീരമോ പരിപാലിക്കുന്നതിലേക്കും നദീതീര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കും ആവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കും ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കുകയും ചെലവാക്കുകയും ചെയ്യുന്നതാണ് ഈ ഫണ്ടിന്റെ ഉദ്ദേശ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി)	പഞ്ചായത്തിന്റെ പേര്	2003-04 ൽ അടച്ച തുക	2004-05 ൽ അടച്ച തുക
1.	വടശ്ശേരിക്കര	110110	140385
2.	റാന്നി	249550	452935
3.	റാന്നി-അങ്ങാടി	386966	595630
4.	വെച്ചൂച്ചിറ	96670	375375
5.	അയിരൂർ	342125	339975
6.	റാന്നി പെരുനാട്	556055	478940
7.	നാറാണംമൂഴി	180075	218225
8.	മല്ലപ്പുഴശ്ശേരി	220325	311500
9.	ആറന്മുള	168580	158595
10.	തോട്ടപ്പുഴശ്ശേരി	412125	649740
11.	കോയിപ്രം	221736	181990
12.	കോഴഞ്ചേരി	230125	154000
13.	കുളനട	166866	220835
14.	അരുവാപ്പുളം	862500	619000
15.	കോന്നി	130000	...
16.	പന്തളം	130000	30000
17.	പത്തനംതിട്ട മുനിസിപ്പാലിറ്റി	68075	...
18.	ഓമല്ലൂർ	129710	127520
19.	ചെന്നിക്കര	119825	289100
20.	വള്ളിക്കോട്	157185	209860
21.	മലയാലപ്പുഴ	42720	124250
22.	പ്രമാടം	301125	351150
23.	തുമ്പമൺ	151270	99500
24.	ചെറുകോൽ	193612	273325
25.	പുറമറ്റം	314650	467155
26.	കല്ലൂപ്പാറ	179200	263060
27.	മല്ലപ്പള്ളി	576380	125000
28.	കവിയൂർ	45290	86240
29.	കടപ്ര	35760	31180
30.	നെടുമ്പ്രം	...	94325
31.	ആനിക്കാട്	247345	329240
32.	കുറ്റൂർ	114275	126420
33.	കോട്ടാങ്ങൽ	171150	310425
34.	ഇരവിപേരൂർ	191625	220815
35.	ഏഴംകുളം	...	6300
36.	കടമ്പനാട്	...	50190

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2003-04-ൽ അനുമതി ലഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിശദവിവരം അനുബന്ധം-I ൽ കാണാവുന്നതാണ്. † 2004-05 വർഷത്തിൽ പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടില്ല.

ആദിവാസികൾക്ക് ഭൂമി വിതരണം

187. [956] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും ഭൂമി നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) എങ്കിൽ 2001 മേയ് മുതൽ നാളിതുവരെയായി സംസ്ഥാനത്താകെ എത്ര ആദിവാസി വിഭാഗക്കാർക്ക് എത്ര വീതം ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ മുഖ്യമന്ത്രിയും, സംസ്ഥാന മന്ത്രിമാരും പങ്കെടുത്ത് ഭൂമി വിതരണമേളകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും ഈ മേളകളിൽ വച്ച് എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ച് വരുന്നു.

തുമ്പമൺ വില്ലേജ് രൂപീകരണം

188. [957] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം മണ്ഡലത്തിലെ പത്തനംതിട്ട ജില്ലയിൽപ്പെട്ട പന്തളം, തുമ്പമൺ, പന്തളം തെക്കേക്കര എന്നീ മൂന്ന് പഞ്ചായത്തുകളിലുംപെട്ട സ്ഥലം ഡീ ലിമിറ്റ് ചെയ്ത് തുമ്പമൺ വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എന്നത്തേക്ക് തുമ്പമൺ വില്ലേജ് രൂപീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) തുമ്പമൺ വില്ലേജ് രൂപീകരിക്കുന്നതിന് തടസ്സമായിട്ടുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly